കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# തൊഴിലാളി പത്രപ്രവർത്തകരും (സേവന വ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റ്, 1955

**(1955-ലെ 45-ാം നമ്പർ ആക്റ്റ്)**

(1955 ഡിസംബർ 20-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില: Rs 1-00

കേന്ദ്ര ഗവൺമെൻറ്
നീയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# തൊഴിലാളി പത്രപ്രവർത്തകരും (സേവനവ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റ്, 1955

(1955-ലെ 45-ാം നമ്പർ ആക്റ്റ്)

(1955 ഡിസംബർ 20-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

₨1-00

# തൊഴിലാളി പത്രപ്രവർത്തകരും (സേവന വ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റ്, 1955

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും.
2. നിർവ്വചനങ്ങൾ.

### അദ്ധ്യായം II

### തൊഴിലാളി പത്രപ്രവർത്തകർ

3. 1947-ലെ 14-ാം നമ്പർ ആക്റ്റ് തൊഴിലാളി പത്രപ്രവർത്തകർക്ക് ബാധകമാകുമെന്ന്.
4. ചില റിട്രെഞ്ച്മെൻറ് സംഗതികൾ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ.
5. ഗ്രാററുവിററി കൊടുക്കൽ.

5 ക. തൊഴിലാളി പത്രപ്രവർത്തകനാലുള്ള നാമനിർദ്ദേശം.

6. പ്രവൃത്തി മണിക്കൂറുകൾ.
7. അവധി.
8. കൂലിനിരക്കുകൾ നിജപ്പെടുത്തലും പുതുക്കലും.
9. കൂലിനിരക്കുകൾ നിജപ്പെടുത്തുകയും പുതുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം.
10. ബോർഡിനാലുള്ള ശിപാർശ.
11. ബോർഡിൻെറ അധികാരങ്ങളും നടപടിക്രമവും.
12. കൂലിബോർഡിൻെറ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര ഗവൺമെൻറിനുള്ള അധികാരങ്ങൾ.
13. തൊഴിലാളി പത്രപ്രവർത്തകർക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്നവയിലും കുറയാത്ത നിരക്കുകളിൽ കൂലിക്ക് അവകാശമുണ്ടെന്ന്.

13 ക. ഇടക്കാലകൂലി നിരക്ക് നിജപ്പെടുത്താൻ ഗവൺമെൻറിനുള്ള അധികാരം.

അദ്ധ്യായം II ക

## പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്ര ജോലിക്കാർ


13 ഖ. പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്രജോലിക്കാരുടെ കൂലി നിരക്കുകൾ നിജപ്പെടുത്തലോ പുതുക്കലോ.

13 ഗ. പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്രജോലിക്കാരെ സംബന്ധിച്ച് കൂലിനിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യാൻ കൂലിബോർഡ്.

13 ഘ. ചില വ്യവസ്ഥകളുടെ ബാധകത.


അദ്ധ്യായം III

## ചില ആക്റ്റുകൾ വർത്തമാനപത്ര ജോലിക്കാർക്ക് ബാധകമാകുന്നത്


14. 1946-ലെ 20-ാം നമ്പർ ആക്റ്റ് വർത്തമാനപത്ര സ്ഥാപനങ്ങൾക്ക് ബാധകമാകുമെന്ന്.

15. 1952-ലെ 19-ാം നമ്പർ ആക്റ്റ് വർത്തമാനപത്ര സ്ഥാപനങ്ങൾക്ക് ബാധകമാകുമെന്ന്.


അദ്ധ്യായം IV

## പലവക


16. ഈ ആക്റ്റിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.

17. നിയോജകനിൽനിന്ന് കിട്ടാനുള്ള പണം വസൂലാക്കൽ.

17 ക. രജിസ്റ്ററുകളും റിക്കാർഡുകളും മസ്റ്റർറോളുകളും വച്ചുപോരൽ.

17 ഖ. ഇൻസ്പെക്റ്റർമാർ.

18. ദണ്ഡനം.

19. സംരക്ഷണം.

19 ക നിയമനങ്ങളിലെ ന്യൂനതകൾ കൃത്യങ്ങളെ അസാധുവാക്കുന്നതല്ലെന്ന്.

19 ഖ. ഒഴിവാക്കൽ.

20. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

21. [റദ്ദാക്കപ്പെട്ടു.]

# തൊഴിലാളി പത്രപ്രവർത്തകരും (സേവനവ്യവസ്ഥകൾ) പലവകവ്യവസ്ഥകളും ആക്റ്റ്, 1955

(1955-ലെ 45-ാം നമ്പർ)

വർത്തമാന പത്ര സ്ഥാപനങ്ങളിൽ നിയോജിക്കപ്പെടുന്ന തൊഴിലാളി പത്ര പ്രവർത്തകരുടേയും മററാളുകളുടേയും ചില സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുള്ള ആക്റ്റ്

[1955 ഡിസംബർ, 20]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും.—(1) ഈ ആക്റ്റിന്, തൊഴിലാളി പത്രപ്രവർത്തകരും (സേവനവ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റ്, 1955 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ബോർഡിന്,

(i) തൊഴിലാളി പത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം 9-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തപ്പെടുന്ന കൂലി ബോർഡ് എന്നും

(ii) വർത്തമാനപത്ര പ്രവർത്തകരല്ലാത്ത വർത്തമാനപത്ര ജോലിക്കാരെ സംബന്ധിച്ചിടത്തോളം 13 (ഗ) വകുപ്പുപ്രകാരം ഏർപ്പെടുത്തപ്പെടുന്ന കൂലി ബോർഡെന്നും

അർത്ഥമാകുന്നു.

(ഖ) ''വർത്തമാനപത്ര'' ത്തിന്, പൊതുവാർത്തകളോ പൊതുവാർത്തകളെക്കുറിച്ചുള്ള വിമർശനങ്ങളോ അടങ്ങുന്ന ഏതെങ്കിലും അച്ചടിച്ച ആനുകാലിക കൃതി എന്നർത്ഥമാകുന്നതും, അതിൽ കേന്ദ്രഗവൺമെന്റ് ഇതിലേക്കു അപ്പോഴപ്പോൾ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന മററുതരം അച്ചടിച്ച ആനുകാലിക കൃതി ഉൾപ്പെടുന്നതുമാകുന്നു ;

(ഗ) "വർത്തമാനപത്ര ജോലിക്കാര" ന് ഏതെങ്കിലും തൊഴിലാളി പത്ര
പ്രവർത്തകൻ എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും വർത്തമാനപത്ര
സ്ഥാപനത്തിലോ, അതുസംബന്ധിച്ചോ ഏതെങ്കിലും പ്രവൃത്തിചെയ്യാൻ
നിയോജിക്കപ്പെടുന്ന മറേറതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു ;

(ഘ) "വർത്തമാനപത്ര സ്ഥാപന" ത്തിന് ഏതെങ്കിലും ആളുടേയോ,
ആളുകളുടെ നികായത്തിൻേറയോ നിയന്ത്രണത്തിൻ കീഴിലുള്ളതും, ഒന്നോ
അതിലധികമോ വർത്തമാനപത്രം ഉത്പാദിപ്പിക്കുന്നതിനോ പ്രസിദ്ധപ്പെടു
ത്തുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും വാർത്താ ഏജൻസിയോ സിൻഡിക്കേറേറാ
നടത്തുന്നതിനോ ഉള്ളതുമായ ഒരു സ്ഥാപനം, അത് ഏകാംഗീകൃതമോ അല്ലാ
ത്തതോ ആയാലും, എന്ന് അർത്ഥമാകുന്നു;

(ഘഘ) വർത്തമാന പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്രജോലിക്കാ
രെന്നാൽ ഏതെങ്കിലും വർത്തമാനപത്ര സ്ഥാപനത്തിലോ അതിനോടു ബന്ധ
പ്പെട്ടോ ഏതെങ്കിലും ജോലിചെയ്യാൻ നിയോജിക്കപ്പെട്ട ആൾ എന്നും എന്നാൽ
താഴെ പറയുന്ന ആൾ അതിലുൾപ്പെടുന്നതല്ലാത്തതും ആകുന്നു

(i) ഒരു തൊഴിലാളി പത്രപ്രവർത്തകൻ, അല്ലെങ്കിൽ

(ii) പ്രധാനമായും മാനേജർ പദവിയിലോ ഭരണപരമായ സ്ഥാനത്തോ
നിയോജിക്കപ്പെട്ട ആൾ, അല്ലെങ്കിൽ

(iii) മേലന്വേഷണ സ്ഥാനത്ത് നിയോജിക്കപ്പെട്ട ആൾ തൻെറ ജോലി
യുടെ സ്വഭാവം മൂലമോ തന്നിൽ നിക്ഷിപ്തമായ അധികാര
ത്താലോ മാനേജർ പദവിക്കു ചേർന്ന പ്രവൃത്തികൾ ചെയ്യുന്നു
ണ്ടെങ്കിൽ ആ ആൾ.

(ങ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്ക
പ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു ;

(ച) "തൊഴിലാളി പത്രപ്രവർത്തക" ന്, തൻെറ മുഖ്യതൊഴിൽ പത്ര
പ്രവർത്തകൻേറതായിട്ടുള്ളവനും, ആ നിലയിൽ ഏതെങ്കിലും വർത്തമാനപത്ര
സ്ഥാപനത്തിലോ അതു സംബന്ധിച്ചോ നിയോജിക്കപ്പെട്ടിട്ടുള്ളവനും ആയ
ആൾ എന്നർത്ഥമാകുന്നതും, അതിൽ പത്രാധിപരും, മുഖപ്രസംഗം എഴുതുന്ന
വനും വാർത്താപത്രാധിപരും ഉപ-പത്രാധിപരും, ഫീച്ചർ-എഴുത്തുകാരനും,
പകർപ്പ് പരിശോധകനും, റിപ്പോർട്ടറും, ലേഖകനും, കാർട്ടൂണിസ്ററും,
വാർത്താഫോട്ടോഗ്രാഫറും, പ്രൂഫ് നോക്കുന്നവനും ഉൾപ്പെടുന്നതും, എന്നാൽ
അങ്ങനെയുള്ളതും,—

(i) മുഖ്യമായി മാനേജരുടേയോ ഭരണകർത്താവിൻേറയോ നിലയിൽ
നിയോജിക്കപ്പെട്ടവനോ, അല്ലെങ്കിൽ

(ii) മേൽനോട്ടക്കാരൻ എന്ന നിലയിൽ നിയോജിക്കപ്പെട്ടിരിക്കെ, തൻെറ
ഉദ്യോഗത്തോട് അനുബന്ധിച്ചുള്ള കർത്തവ്യങ്ങളുടെ പ്രകൃത
ത്താലോ തന്നിൽനിക്ഷിപ്തമായ അധികാരങ്ങൾ കാരണമായോ
മുഖ്യമായി മാനേജരുടേതിൻെറ പ്രകൃതത്തോടുകൂടിയ ചുമതല
കൾ നിർവഹിക്കുന്നവനോ ,

ആയതുമായ ഏതെങ്കിലും ആൾ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഛ) ഈ ആക്ററിൽ ഉപയോഗിക്കുകയും, എന്നാൽ നിർവ്വചിക്കാതിര
ക്കുകയും ചെയ്യുന്നതും, വ്യാവസായികതർക്കങ്ങൾ ആക്ററ്, 1947 (1947-ലെ
14)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ എല്ലാ വാക്കുകൾക്കും പദങ്ങൾക്കും, ആ
ആക്ററിൽ അവയ്ക്കു യഥാക്രമം നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരി
ക്കുന്നതാണ്.

## അദ്ധ്യായം II

## തൊഴിലാളി പത്ര പ്രവർത്തകർ

3. 1947—ലെ 14-ാം നമ്പർ ആക്റ്റ് തൊഴിലാളി പത്രപ്രവർത്തകർക്ക് ബാധകമാകുമെന്ന്.—(1) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 [1947-ലെ 14]-ലെ വ്യവസ്ഥകൾ, തൽസമയം പ്രാബല്യത്തിലുള്ള പ്രകാരവും, (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള രൂപഭേദപ്പെടുത്തലിന് വിധേയമായും, തൊഴിലാളി പത്രപ്രവർത്തകർക്കോ അവരെ സംബന്ധിച്ചോ, അവ ആ ആക്റ്റിന്റെ അർത്ഥത്തിലുള്ള തൊഴിലാളികൾക്കോ ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(2) മുൻപറഞ്ഞ ആക്റ്റിലെ 25 ച വകുപ്പിന്, അത് തൊഴിലാളി പത്രപ്രവർത്തകർക്ക് ബാധകമാകുന്നതിന്, അതിലെ (ക) ഖണ്ഡത്തിൽ, തൊഴിലാളിയുടെ റിട്രെഞ്ച്മെന്റ് സംബന്ധിച്ച് അതിൽ പരാമർശിക്കുന്ന നോട്ടീസ് കാലാവധിക്ക് പകരം, തൊഴിലാളി പത്രപ്രവർത്തകന്റെ റിട്രെഞ്ച്മെന്റ് സംബന്ധിച്ച് താഴെപറയുന്ന നോട്ടീസ് കാലാവധികൾ ചേർത്തിരുന്നാലെന്നപോലെ അർത്ഥം കല്പിക്കേണ്ടതാണ്, അതായത്,—

(ക) പത്രാധിപരുടെ സംഗതിയിൽ, ആറുമാസവും ;

(ഖ) മറ്റേതെങ്കിലും തൊഴിലാളി പത്രപ്രവർത്തകന്റെ സംഗതിയിൽ, മൂന്നു മാസവും.

4. ചില റിട്രെഞ്ച്മെന്റ് സംഗതികൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—1954 ജൂലൈ, 14-ാം ദിവസത്തിനും 1955 മാർച്ച്, 12-ാം ദിവസത്തിനുമിടയ്ക്ക് ഏതെങ്കിലും സമയത്ത്, ഏതെങ്കിലും തൊഴിലാളി പത്രപ്രവർത്തകൻ റിട്രെഞ്ച് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നിടത്ത്, അയാൾക്ക് നിയോജകനിൽ നിന്ന്,—

(ക) അങ്ങനെയുള്ള റിട്രെഞ്ച്മെന്റിന് മുമ്പ് അയാൾക്ക് ഒരു മാസത്തെ ലിഖിതമായ നോട്ടീസ് നല്കിയിരുന്നിട്ടില്ലാത്തപക്ഷം, അയാളുടെ റിട്രെഞ്ച്മെന്റിന് തൊട്ടുമുൻമ്പ് അയാൾക്ക് അവകാശമുണ്ടായിരുന്ന നിരക്കിൽ ഒരു മാസത്തെ കൂലിയും;

(ഖ) ആ നിയോജകന്റെ കീഴിലെ സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനോ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനോ പതിനഞ്ചുദിവസത്തെ ശരാശരി ശമ്പളത്തിന്നു തുല്യമായ നഷ്ടപരിഹാരവും;

കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

5. ഗ്രാറ്റുവിറ്റി കൊടുക്കൽ.—(1) ഏതെങ്കിലും തൊഴിലാളി പത്രപ്രവർത്തകൻ,

(ക) ഏതെങ്കിലും വർത്തമാനപ്പത്രസ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കുറയാതെ തുടർച്ചയായുള്ള സേവനത്തിൽ ആയിരുന്നിരിക്കുകയും, അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയാലും—

(i) അയാളുടെ സേവനം, ആ വർത്തമാനപ്പത്രസ്ഥാപനം സംബന്ധിച്ചുള്ള നിയോജകൻ, അച്ചടക്ക നടപടി വഴിയായി നല്കുന്ന ശിക്ഷയായല്ലാതെ ഏതെങ്കിലും കാരണത്താൽ, അത് എന്തുതന്നെ ആയാലും, അവസാനിപ്പിക്കുകയോ,

(ii) പ്രായപരിധി എത്തുന്നതിൻമേൽ സേവനത്തിൽനിന്ന് വിരമിക്കുകയോ,

ചെയ്യുകയും ചെയ്യുന്നിടത്തോ; അല്ലെങ്കിൽ,

(ഖ) ഏതെങ്കിലും വർത്തമാനപ്പത്രസ്ഥാപനത്തിൽ പത്തുവർഷത്തിൽ കുറയാതെ തുടർച്ചയായുള്ള സേവനത്തിൽ ആയിരുന്നിരിക്കുകയും, അത് ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ആയാലും,—1961 ജൂലൈ ഒന്നാം ദിവസമോ അതിനു ശേഷമോ, വർത്തമാനപ്പത്രസ്ഥാപനത്തിലെ സേവനത്തിൽ നിന്ന് മനഃസാക്ഷിയെ അടിസ്ഥാനമാക്കിയല്ലാതെ മറ്റ് ഏതിനെയെങ്കിലും, അത് എന്തുതന്നെയായാലും, അടിസ്ഥാനമാക്കി സ്വേച്ഛയാ രാജിവയ്ക്കുകയും ചെയ്യുന്നിടത്തോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും വർത്തമാനപ്പത്രസ്ഥാപനത്തിൽ മൂന്നു വർഷത്തിൽ കുറയാതെ തുടർച്ചയായുള്ള സേവനത്തിൽ ആയിരുന്നിരിക്കുകയും, അവ ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പോ പിമ്പോ ആയാലും,—1961 ജൂലൈ ഒന്നാം ദിവസമോ അതിനു ശേഷമോ ആ സ്ഥാപനത്തിലെ സേവനത്തിൽനിന്ന് മനഃസാക്ഷി അടിസ്ഥാനമാക്കി സ്വേച്ഛയാ രാജിവയ്ക്കുകയും ചെയ്യുന്നിടത്തോ; അല്ലെങ്കിൽ

(ഘ) ഏതെങ്കിലും വർത്തമാനപ്പത്ര സ്ഥാപനത്തിൽ സേവനത്തിലിരിക്കുമ്പോൾ മരിച്ചുപോകുന്നിടത്തോ;

ആ സ്ഥാപനം സംബന്ധിച്ചുള്ള നിയോജകൻ അങ്ങനെയുള്ള അവസാനിപ്പിക്കലിൻമേലോ, സേവന വിരാമത്തിൻമേലോ, രാജിയിൻമേലോ, മരണത്തിൻമേലോ, അതതു സംഗതിപോലെ, ആ തൊഴിലാളി പത്രപ്രവർത്തകനോ, അയാൾ മരിക്കുന്നതായാൽ, അയാളുടെ നിർദ്ദിഷ്ട നാമാവിനോ, നിർദ്ദിഷ്ട നാമാക്കൾക്കോ, ആ തൊഴിലാളി പത്രപ്രവർത്തകന്റെ മരണസമയത്ത് യാതൊരു നാമനിർദ്ദേശവും പ്രാബല്യത്തിലില്ലെങ്കിൽ, അയാളുടെ കുടുംബത്തിനോ സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനും അല്ലെങ്കിൽ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനും പതിനഞ്ചു ദിവസത്തെ ശരാശരി ശമ്പളത്തിനു തുല്യമായ ഗ്രാറ്റുവിറ്റി, വ്യാവസായികത്തർക്കങ്ങൾ ആക്റ്റ്, 1947-ൻ കീഴിൽ സിദ്ധിക്കുന്ന ഏതെങ്കിലും ഗുണങ്ങൾക്കോ അവകാശങ്ങൾക്കോ ഭംഗം വരാതെ കൊടുക്കേണ്ടതാകുന്നു:

എന്നാൽ, (ഖ) ഖണ്ഡത്തിൽ പരാമർശിച്ച തൊഴിലാളി പത്രപ്രവർത്തകന്റെ സംഗതിയിൽ, അയാൾക്ക് കൊടുക്കേണ്ടതായിരിക്കുന്ന ആകെ ഗ്രാറ്റുവിറ്റിത്തുക പന്ത്രണ്ടരമാസത്തെ ശരാശരി ശമ്പളത്തിൽ കവിയാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, ഒരു തൊഴിലാളിപത്രപ്രവർത്തകൻ ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസങ്ങളിൽ ഒരു ദിവസം ആറിലധികം തൊഴിലാളി പത്രപ്രവർത്തകർ നിയോഗിക്കപ്പെട്ടിട്ടില്ലാതിരുന്ന ഏതെങ്കിലും വർത്തമാനപത്ര സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള വർത്തമാനപത്ര സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഒരു ഏതെങ്കിലും

തൊഴിലാളി പത്രപ്രവർത്തകന്, അങ്ങനെയുള്ള പ്രാരംഭത്തിന് മുൻപുള്ള ഏതെങ്കിലും സേവനകാലത്തേക്ക് കൊടുക്കേണ്ട ഗ്രാററുവിററി, സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനോ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനോ പതിനഞ്ചു ദിവസം ത്ത ശരാശരി ശമ്പളത്തിന് തുല്യമായിരിക്കുന്നതല്ലാത്തതും, എന്നാൽ—

(ക) അങ്ങനെയുള്ള മുൻകാലസേവനത്തിന്റെ കാലം അഞ്ചു വർഷത്തിൽ കവിയുന്നില്ലെങ്കിൽ, സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനോ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനോ മൂന്നു ദിവസത്തെ ശരാശരി ശമ്പളത്തിനും;

(ഖ) അങ്ങനെയുള്ള മുൻകാലസേവനത്തിന്റെ കാലം അഞ്ചു വർഷത്തിൽ കവിയുകയും, എന്നാൽ പത്തു വർഷത്തിൽ കവിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനോ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനോ അഞ്ചു ദിവസത്തെ ശരാശരി ശമ്പളത്തിനും;

(ഗ) അങ്ങനെയുള്ള മുൻകാല സേവനത്തിന്റെ കാലം പത്തു വർഷത്തിൽ കവിയുന്നുവെങ്കിൽ, സേവനത്തിന്റെ ഏതൊരു പൂർത്തീകരിക്കപ്പെട്ട വർഷത്തിനോ അതിന്റെ ആറു മാസത്തിൽ കൂടുതലുള്ള ഏതെങ്കിലും ഭാഗത്തിനോ ഏഴു ദിവസത്തെ ശരാശരി ശമ്പളത്തിനും തുല്യമായിരിക്കുന്നതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റേയും 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റേയും ആവശ്യങ്ങൾക്ക് "കുടുംബ"ത്തിന്—

(i) ആൺ തൊഴിലാളി പത്രപ്രവർത്തകന്റെ സംഗതിയിൽ, അയാളുടെ വിധവയും കുട്ടികളും, അവർ വിവാഹിതരോ അവിവാഹിതരോ ആയാലും, അയാളെ ആശ്രയിക്കുന്ന മാതാപിതാക്കളും, അയാളുടെ മരിച്ചുപോയ പുത്രന്റെ വിധവയും കുട്ടികളും, എന്നും;—എന്നാൽ വിധവ, തൊഴിലാളി പത്രപ്രവർത്തകന്റെ മരണസമയത്ത്, അയാളാൽ സംരക്ഷിക്കപ്പെടാൻ അവൾക്ക് നിയമപ്രകാരം അവകാശമുണ്ടായിരുന്നില്ലെങ്കിൽ അയാളുടെ കുടുംബത്തിലെ അംഗമായി കരുതപ്പെടുന്നതല്ല;

(ii) തൊഴിലാളി പത്രപ്രവർത്തകയുടെ സംഗതിയിൽ, അവളുടെ ഭർത്താവും, കുട്ടികളും, അവർ, വിവാഹിതരോ അവിവാഹിതരോ ആയാലും, തൊഴിലാളി പത്രപ്രവർത്തകയുടേയോ അവളുടെ ഭർത്താവിന്റേയോ ആശ്രിതരായ മാതാപിതാക്കളും, അവളുടെ മരിച്ചുപോയ പുത്രന്റെ വിധവയും കുട്ടികളും, എന്നും;—എന്നാൽ തൊഴിലാളി പത്രപ്രവർത്തക തന്റെ ഭർത്താവിനെ കുടുംബത്തിൽനിന്ന് ഒഴിച്ചുനിറുത്താനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ, ഭർത്താവും, അയാളുടെ ആശ്രിതരായ മാതാപിതാക്കളും, തൊഴിലാളി പത്രപ്രവർത്തകയുടെ കുടുംബത്തിന്റെ ഭാഗമായി കരുതപ്പെടുന്നതല്ല— അർത്ഥമാകുന്നതും, മുൻപറഞ്ഞ ഇരു സംഗതികളിൽ ഏതിലെങ്കിലും തൊഴിലാളി പത്രപ്രവർത്തകന്റേയോ, അയാളുടെ മരിച്ചുപോയ പുത്രന്റേയോ കുട്ടിയെ മററൊരാൾ ദത്തെടുത്തിരിക്കുകയും, ദത്തെടുത്ത ആളുടെ വ്യക്തി നിയമത്തിൻകീഴിൽ, ദത്തു നിയമപ്രകാരം അംഗീകരിക്കപ്പെട്ടതായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള കുട്ടി, ആ തൊഴിലാളിപത്രപ്രവർത്തകന്റെ കുടുംബത്തിലെ അംഗമായി പരിഗണിക്കപ്പെടുന്നതല്ലാത്തതും ആകുന്നു.

(2) ഒരു തൊഴിലാളി പത്രപ്രവർത്തകൻ ഏതെങ്കിലും വർത്തമാനപ്പത്ര സ്ഥാപനത്തിലെ സേവനത്തിൽ നിന്ന് മന:സാക്ഷി അടിസ്ഥാനമാക്കി സ്വേച്ഛയാ രാജിവെച്ചിട്ടുണ്ടോ എന്ന ഏതെങ്കിലും തർക്കം, വ്യാവസായിക തർക്കങ്ങൾ ആക്ററ്, 1947 (1947-ലെ 14)-ന്റേയോ, അല്ലെങ്കിൽ വ്യാവസായിക

തർക്കങ്ങളുടെ അന്വേഷണവും ഒത്തുതീർപ്പും സംബന്ധിച്ച് ഏതെങ്കിലും സ്റ്റേറ്റിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിന്റെയോ അർത്ഥത്തിൽ വ്യാവസായികത്തർക്കമായി കരുതപ്പെടുന്നതാകുന്നു.

(3) നിർദ്ദിഷ്ടനാമാവ് മൈനറായിരിക്കുകയും, (1)-ാം ഉപവകുപ്പിൻ കീഴിലെ ഗ്രാറ്റുവിറ്റി, അയാൾ മൈനർ ആയിരിക്കുന്നകാലത്ത് കൊടുക്കേണ്ടതായി തീർന്നിരിക്കുകയും ചെയ്യുന്നിടത്ത്, അത് 5 ക വകുപ്പിലെ (3)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ആൾക്ക് കൊടുക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ആൾ ഇല്ലാത്തിടത്ത്, ക്ഷമതയുള്ള കോടതി, നിയമിക്കുന്ന ഏതെങ്കിലും മൈനറുടെ വസ്തുവിന്റെ രക്ഷാകർത്താവിനോ അങ്ങനെയുള്ള രക്ഷാകർത്താവിനെ നിയമിച്ചിട്ടില്ലാത്തിടത്ത്, മൈനറുടെ മാതാപിതാക്കളിൽ ഒരാൾക്കോ, മാതാപിതാക്കളിൽ ഒരാളും ജീവിച്ചിരിപ്പില്ലാത്തിടത്ത്, മൈനറുടെ മറ്റേതെങ്കിലും രക്ഷാകർത്താവിനോ കൊടുക്കേണ്ടതാണ്:

എന്നുമാത്രവുമല്ല, ഗ്രാറ്റുവിറ്റി രണ്ടോ അതിലധികമോ നിർദ്ദിഷ്ടനാമാക്കൾക്ക് കൊടുക്കാനുള്ളതായിരിക്കുകയും, അവരിൽ ഒരാളോ, ആരെങ്കിലുമോ മരിച്ചുപോവുകയും ചെയ്യുന്നിടത്ത്, ഗ്രാറ്റുവിറ്റി, അതിജീവിക്കുന്ന നിർദ്ദിഷ്ടനാമാവിന്നോ നിർദ്ദിഷ്ടനാമാക്കൾക്കോ കൊടുക്കേണ്ടതാകുന്നു.

5ക. തൊഴിലാളി പത്രപ്രവർത്തകനാലുള്ള നാമനിർദ്ദേശം.—ഒരു തൊഴിലാളി പത്രപ്രവർത്തകന് കൊടുക്കേണ്ട ഏതെങ്കിലും ഗ്രാറ്റുവിറ്റി സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ മരണശാസനപ്രകാരമുള്ളതോ അല്ലാത്തതോ ആയ ഏതെങ്കിലും വിനിയോഗത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ചെയ്യുന്ന ഒരു നാമനിർദ്ദേശം, തൊഴിലാളി പത്രപ്രവർത്തകന് തൽസമയം കൊടുക്കാനുള്ള ഗ്രാറ്റുവിറ്റി വാങ്ങാൻ ഏതെങ്കിലും ആൾക്ക് അവകാശം നല്കുന്നതായി കരുതപ്പെടാവുന്നതായിരിക്കുന്നിടത്ത്, നാമനിർദ്ദേശം നല്കപ്പെടുന്ന രീതിയിൽ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാത്തപക്ഷം, തൊഴിലാളി പത്രപ്രവർത്തകൻ മരിക്കുന്നതോടെ മറ്റ് എല്ലാ ആളുകളേയും ഒഴിച്ചുനിറുത്തികൊണ്ട് നിർദ്ദിഷ്ടനാമാവ് ഗ്രാറ്റുവിറ്റിക്ക്, അവകാശമുള്ളവനായിത്തീരുകയും, അതു സംബന്ധിച്ചു കൊടുക്കാനുള്ളതുക കിട്ടാൻ അവകാശമുള്ളവനായിത്തീരുകയും ചെയ്യുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും നാമനിർദ്ദേശം നിർദ്ദിഷ്ടനാമാവോ രണ്ടോ അതിലധികമോ നിർദ്ദിഷ്ടനാമാക്കൾ ഉള്ളിടത്ത്, നിർദ്ദിഷ്ടനാമാക്കൾ എല്ലാവരുമോ നാമനിർദ്ദേശം ചെയ്യുന്ന തൊഴിലാളി പത്രപ്രവർത്തകന് മുമ്പു മരിച്ചുപോകുന്നുവെങ്കിൽ, അസാധുവായിത്തീരുന്നതാണ്.

(3) നിർദ്ദിഷ്ടനാമാവ് മൈനറായിരിക്കുന്നിടത്ത്, നാമനിർദ്ദേശം ചെയ്യുന്ന തൊഴിലാളി പത്രപ്രവർത്തകൻ താൻ നിർദ്ദിഷ്ടനാമാവ് മൈനറായിരിക്കുമ്പോൾ മരിക്കുന്ന പക്ഷം, ഗ്രാറ്റുവിറ്റി വാങ്ങാൻ ഏതെങ്കിലും ആളെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

6. പ്രവൃത്തി മണിക്കൂറുകൾ.—(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുവിധേയമായി, യാതൊരു തൊഴിലാളി പത്രപ്രവർത്തകനോടും ഏതെങ്കിലും വർത്തമാനപ്പത്രസ്ഥാപനത്തിൽ, തുടർച്ചയായ ഏതെങ്കിലും നാല് ആഴ്ചക്കാലത്ത്, ഭക്ഷണത്തിനുള്ളസമയം ഒഴിച്ചുനിറുത്തി, നൂറ്റിനാൽപ്പത്തിനാലുമണിക്കൂറിലധികം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അനുവദിക്കുകയോ ചെയ്യാൻപാടുള്ളതല്ല.

(2) ഏതൊരു തൊഴിലാളി പത്രപ്രവർത്തകനും തുടർച്ചയായ ഏതെങ്കിലും ഏഴുദിവസക്കാലത്ത് രാത്രി പത്തുമണിക്കും രാവിലെ ആറുമണിക്കുമിടയിലുള്ള സമയം ഉൾക്കൊള്ളുന്ന തുടർച്ചയായ ഇരുപത്തിനാലുമണിക്കൂറിൽ കുറയാത്ത കാലത്തേക്കുള്ള വിശ്രമം അനുവദിക്കേണ്ടതാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ആഴ്ചയ്ക്ക് ശനിയാഴ്ച അർദ്ധരാത്രി ആരംഭിക്കുന്ന ഏഴുദിവസക്കാലം എന്നർത്ഥമാകുന്നു

7. അവധി.—നിർണ്ണയിക്കപ്പെടുന്ന ഒഴിവുദിവസങ്ങൾക്കോ കാഷ്വൽ അവധിക്കോ മററുതരം അവധിക്കോ ഭംഗംവരാതെ, ഏതൊരുതൊഴിലാളി പത്രപ്രവർത്തകനും—

(ക) ഡ്യൂട്ടിയായി ചെലവഴിക്കുന്ന കാലത്തിന്റെ പതിനൊന്നിലൊന്നിൽ കുറയാത്ത കാലത്തേക്ക് മുഴുവൻകൂലിയോടുകൂടിയ ആർജ്ജിതാവധിയ്ക്കും;

(ഖ) സേവനകാലത്തിന്റെ പതിനെട്ടിലൊന്നിൽ കുറയാത്ത കാലത്തേയ്ക്ക് പകുതി കൂലിയോടുകൂടിയ മെഡിക്കൽ സർട്ടിഫിക്കററിൻമേലുള്ള അവധിയ്ക്കും;

അവകാശമുണ്ടായിരിക്കുന്നതാണ്.

8. കൂലിനിരക്കുകൾ നിജപ്പെടുത്തലോ പുതുക്കലോ.—(1) കേന്ദ്ര ഗവൺമെന്റിന്, ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ—

(ക) തൊഴിലാളി പത്രപ്രവർത്തകരെ സംബന്ധിച്ച കൂലിനിരക്കുകൾ നിജപ്പെടുത്തുകയും ;

(ഖ) ഈ വകുപ്പിൻകീഴിൽ നിജപ്പെടുത്തുന്ന തൊഴിലാളി പത്രപ്രവർത്തകർ (കൂലിനിരക്കുകൾ നിജപ്പെടുത്തൽ) ആക്ററ്, 1958 (1958-ലെ 29)-ലെ 6-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന ഉത്തരവിൽ വിനിർദ്ദേശിക്കുന്നതോ ആയ കൂലിനിരക്കുകൾ അപ്പോഴപ്പോൾ, യുക്തമെന്നുതോന്നുന്ന ഇടവേളകളിൽ പുതുക്കുകയും ;

ചെയ്യാവുന്നതാണ്.

(2) തൊഴിലാളി പത്രപ്രവർത്തകനെസംബന്ധിച്ച്, കേന്ദ്രഗവൺമെന്റിന് ടൈംവർക്കിനും പീസ്‌വർക്കിനുമുള്ള കൂലിനിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യാവുന്നതാണ്.

9. കൂലിനിരക്കുകൾ നിജപ്പെടുത്തുകയും പുതുക്കുകയു ചെയ്യുന്നതിനുള്ള നടപടിക്രമം.—ഈ ആക്ററിൻകീഴിൽ, തൊഴിലാളി പത്രപ്രവർത്തകനെ സംബന്ധിച്ച് കൂലിനിരക്ക് നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്ന ആവശ്യത്തിലേക്ക് കേന്ദ്രഗവൺമെന്റ്, ആവശ്യമുള്ളതുപോലെയും ആവശ്യമുള്ളപ്പോഴും, ഒരു കൂലിബോർഡ് ഏർപ്പെടുത്തേണ്ടതും, അതു താഴെ പറയുന്നവർ അടങ്ങിയതായിരിക്കേണ്ടതും ആണ്.

(ക) വർത്തമാനപ്പത്രസ്ഥാപനങ്ങൾ സംബന്ധിച്ചുള്ള നിയോജകരെ പ്രതിനിധാനം ചെയ്യുന്ന രണ്ട് ആളുകൾ ;

(ഖ) തൊഴിലാളി പത്രപ്രവർത്തകരെ പ്രതിനിധാനംചെയ്യുന്ന രണ്ട് ആളുകൾ ;

(ഗ) സ്വതന്ത്രരായ മൂന്നു ആളുകൾ—അതിൽ ഒരാൾ ഹൈക്കോടതിയിലേയോ സുപ്രീംകോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ആളുകൾ ആയിരിക്കേണ്ടതും, അദ്ദേഹത്തെ ആ ഗവൺമെന്റ്, ബോർഡിന്റെ ചെയർമാനായി നിയമിക്കേണ്ടതും ആകുന്നു.

കേന്ദ്രഗവൺമെൻറ് വിജ്ഞാപനം വഴി ബാധകമാക്കിയിട്ടുള്ള ഒരു ഫാക്ററി ആയിരുന്നാലെന്നപോലെയും, വർത്തമാന പത്രജോലിക്കാരൻ ആ ആക്ററിന്റെ അർത്ഥത്തിൽ ജോലിക്കാരനായിരുന്നാലെന്നപോലെയും, ബാധകമാകുന്നതാണ്.

## അദ്ധ്യായം IV

## പലവക

16. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി മറേറതെങ്കിലും നിയമത്തിലോ, ഏതെങ്കിലും അവാർഡിൻേറയോ, കരാറിൻേറയോ സേവന കാൺട്രാക്ററിൻേറയോ നിബന്ധനകളിലോ, ഈ ആക്ററിന്റെ പ്രാരംഭത്തിന് മുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും,- എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഒരു വർത്തമാനപ്പത്രജോലിക്കാരന് അങ്ങനെയുള്ള ഏതെങ്കിലും അവാർഡിനോ, കരാറിനോ, സേവന കാൺട്രാക്ററിനോ കീഴിലോ, മററുവിധത്തിലോ, ഏതെങ്കിലും വിഷയം സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ അയാൾക്ക് അവകാശമുള്ള ഗുണങ്ങളിലും കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് അവകാശമുള്ളിടത്ത്, ആ വിഷയം സംബന്ധിച്ച്, അയാൾക്കു, ആ കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക്, ഈ ആക്ററിൻ കീഴിൽ അയാൾക്ക് മററുവിഷയം സംബന്ധിച്ച് ഗുണങ്ങൾ കിട്ടുന്നുണ്ടെന്നിരുന്നാലും, തുടർന്നു അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്ററിൽ അടങ്ങിയ യാതൊന്നിനും, ഏതെങ്കിലും വർത്തമാന പത്രജോലിക്കാരനെ ഏതെങ്കിലും വിഷയം സംബന്ധിച്ച്, ഈ ആക്ററിൻ കീഴിൽ തനിക്ക് അവകാശമുള്ളവയിലും കൂടുതൽ അനുകൂലമായ അവകാശങ്ങളോ വിശേഷാവകാശങ്ങളോ, തനിക്ക് നല്കുന്നതിനുവേണ്ടി തന്റെ നിയോജകനുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനെ തടയുന്നതായി അർത്ഥം കൽപിക്കാൻ പാടുള്ളതല്ല.

17. നിയോജകനിൽനിന്ന് കിട്ടാനുള്ള പണം വസൂലാക്കൽ.—(1) ഒരു വർത്തമാനപ്പത്രജോലിക്കാരന് ഒരു നിയോജകനിൽനിന്ന്, ഈ ആക്ററിൻ കീഴിൽ ഏതെങ്കിലും തുക കിട്ടാനുള്ളിടത്ത്, ആ വർത്തമാനപ്പത്ര ജോലിക്കാരന് തന്നെയോ, അയാൾ ഇതിലേക്ക് ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ആൾക്കോ, ജോലിക്കാരൻ മരിച്ചുപോയിട്ടുള്ള സംഗതിയിൽ, അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിനോ, വസൂലാക്കലിനുള്ള മറേറതെങ്കിലും സംപ്രദായത്തിന് ഭംഗംവരാത്തവിധം, അയാൾക്ക് കിട്ടാനുള്ള തുക വസൂലാക്കുന്നതിനുവേണ്ടി സ്റേററ്ഗവൺമെൻറിന് അപേക്ഷ കൊടുക്കാവുന്നതും, അപ്രകാരം ഏതെങ്കിലും തുക കിട്ടാനുണ്ടെന്ന്, സ്റേററ്ഗവൺമെൻറിനോ സ്റേററ് ഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിനോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അത്, ആ തുകയ്ക്ക്, കലക്ടർക്ക് ഒരു സർട്ടിഫിക്കററ് നല്കേണ്ടതും, കലക്ടർ അതു ഭൂമിക്കരം കുടിശ്ശികയെന്നപോലെ അതേ രീതിയിൽ വസൂലാക്കാൻ നടപടി തുടരേണ്ടതുമാകുന്നു.

(2) ഒരു വർത്തമാനപ്പത്ര ജോലിക്കാരന് അയാളുടെ നിയോജകനിൽനിന്ന് ഈ ആക്ററിൻ കീഴിൽ കിട്ടാനുള്ള തുകയെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉദ്ഭവിക്കുന്നുവെങ്കിൽ, സ്റേററ് ഗവൺമെൻറിന്, സ്വയമേവ, അല്ലെങ്കിൽ സ്റേററ് ഗവൺമെൻറിന് കൊടുക്കുന്ന അപേക്ഷയിൻമേൽ, വ്യാവസായിക

10. <u>ബോർഡിനാലുള്ള ശിപാർശ.</u>—(1) തൊഴിലാളി പത്രപ്രവർത്തകരെ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ നിജപ്പെടുത്തുന്നതോ പുതുക്കുന്നതോ ആയ കൂലിനിരക്കുകളെക്കുറിച്ച് തങ്ങൾക്ക് യുക്തമെന്നുതോന്നുന്ന നിവേദനങ്ങൾ നല്കാൻ വർത്തമാനപ്പത്രസ്ഥാപനങ്ങളോടും തൊഴിലാളി പത്രപ്രവർത്തകരോടും തൊഴിലാളി പ്രവർത്തകരുടെ കൂലിനിരക്കുകൾ നിജപ്പെടുത്തുന്നതിലോ പുതുക്കുന്നതിലോ താത്പര്യമുള്ള മറ്റാളുകളോടും ബോർഡ്, യുക്തമെന്നുതോന്നുന്നരീതിയിൽ പ്രസിദ്ധപ്പെടുത്തുന്ന നോട്ടീസുവഴി, ആവശ്യപ്പെടേണ്ടതാകുന്നു.

(2) അങ്ങനെയുള്ള ഏതൊരു നിവേദനവും, ലിഖിതമായിരിക്കേണ്ടതും, നോട്ടീസിൽ ബോർഡ് വിനിർദ്ദേശിക്കുന്ന കാലാവധിക്കുള്ളിൽ നൽകേണ്ടതും, നിവേദനം നല്കുന്ന ആളുടെ അഭിപ്രായത്തിൽ, ഏതു കൂലിനിരക്കുകളാണോ അതു കൊടുക്കാനുള്ള നിയോജകന്റെ കഴിവോ നിവേദനം നൽകുന്ന ആൾക്ക്, തന്റെ നിവേദനം സംബന്ധിച്ച് പ്രസക്തമായിതോന്നുന്ന മറ്റേതെങ്കിലും പരിതഃസ്ഥിതിയോ പരിഗണിച്ച് ന്യായമായിരിക്കുക, ആ കൂലിനിരക്കുകൾ പ്രസ്താവിച്ചിരിക്കേണ്ടതുമാകുന്നു.

(3) ബോർഡ്, മുൻപറഞ്ഞനിവേദനങ്ങൾ, വല്ലതും ഉണ്ടെങ്കിൽ, കണക്കിലെടുക്കേണ്ടതും, അതിന്റെ മുമ്പാകെ വച്ചിട്ടുള്ള ആധാരകവിവരങ്ങൾ പരിശോധിച്ചതിനുശേഷം, തൊഴിലാളി പത്രപ്രവർത്തകരെ സംബന്ധിച്ച് കൂലിനിരക്കുകൾ നിജപ്പെടുത്തുകയോ, പുതുക്കുകയോ ചെയ്യുന്നതിന് യുക്തമെന്നുതോന്നുന്ന ശിപാർശകൾ, കേന്ദ്രഗവൺമെന്റിനു നല്കേണ്ടതും അങ്ങനെയുള്ള ഏതെങ്കിലും ശിപാർശയ്ക്ക്, മുൻകാലപ്രാബല്യത്തോടുകൂടിയോ പിന്കാലപ്രാബല്യത്തോടുകൂടിയോ ആയാലും, ഏതു തീയതി മുതല്ക്കാണ് കൂലിനിരക്കുകൾ പ്രഭാവത്തിൽ വരേണ്ടത്, ആ തീയതി വിനിർദ്ദേശിക്കാവുന്നതുമാണ്.

(4) കേന്ദ്രഗവൺമെന്റിന് ഏതെങ്കിലും ശിപാർശകൾ ചെയ്യുന്നതിൽ, ബോർഡ്, ജീവിതച്ചെലവും, അതിനോട് താരതമ്യപ്പെടുത്താവുന്ന നിയോജനത്തിന് നിലവിലുള്ള കൂലിനിരക്കുകളും, വർത്തമാനപ്പത്രവ്യവസായം സംബന്ധിച്ചുള്ള രാജ്യത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിലെ പരിതഃസ്ഥിതികളും, പ്രസക്തമാണെന്നു ബോർഡിന് തോന്നുന്ന മറ്റേതെങ്കിലും പരിതഃസ്ഥിതികളും പരിഗണിക്കേണ്ടതാകുന്നു.

11. <u>ബോർഡിന്റെ അധികാരങ്ങളും നടപടിക്രമവും.</u>—(1) (2)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് വ്യാവസായികത്തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ൻ കീഴിൽ സംവിധാനം ചെയ്യുന്ന ഒരു വ്യവസായ ട്രിബ്യൂണൽ അതിന് റഫർ ചെയ്യുന്ന ഒരു വ്യാവസായികത്തർക്കം ന്യായനിർണ്ണയം ചെയ്യുന്നതിന് പ്രയോഗിക്കുന്ന എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കാവുന്നതും, ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവയിലും അടങ്ങിയ വ്യവസ്ഥകൾക്ക്, വിധേയമായി സ്വന്തം നടപടിക്രമം ക്രമപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(2) ബോർഡിന് നല്കുന്ന ഏതെങ്കിലും നിവേദനങ്ങളും തെളിവായി അതിന് നല്കുന്ന ഏതെങ്കിലും രേഖകളും നിർണ്ണയിക്കപ്പെടുന്നഫീസ് നല്കുന്നതിൻമേൽ, ആ വിഷയത്തിൽ താൽപര്യമുള്ള ഏതെങ്കിലും ആൾക്ക് പരിശോധനയ്ക്കു പ്രാപ്യമായിരിക്കേണ്ടതാകുന്നതാണ്.

(3) ഏതെങ്കിലും കാരണത്താൽ, ബോർഡിൻെറ- ചെയർമാൻേറയോ മററേതെങ്കിലും അംഗത്തിൻേറയോ ഉദ്യോഗത്തിൽ ഒഴിവു ഉണ്ടാകുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറ് അതിലേയ്ക്ക് 9-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് മറെറാരാളെ നിയമിച്ച് ആ ഒഴിവ് പൂരിപ്പിക്കേണ്ടതും, ഏതു നടപടിയും അപ്രകാരം പുനഃസംവിധാനം ചെയ്യപ്പെടുന്നബോർഡുമുമ്പാകെ, ഒഴിവുണ്ടായ ഘട്ടത്തിൽ നിന്ന് തുടരാവുന്നതുമാണ്.

12. കൂലിബോർഡിൻെറ ശിപാർശകരം പ്രാവർത്തികമാക്കുന്നതിന് കേന്ദ്രഗവൺമെൻറിനുള്ള അധികാരങ്ങരം.— (1) ബോർഡിൻെറ ശിപാർശകരം കിട്ടിയതിനുശേഷം ആകുന്നത്രവേഗത്തിൽ, കേന്ദ്രഗവൺമെൻറ്, ആ ശിപാർശകരം പ്രകാരമോ, അല്ലെങ്കിൽ യുക്തമെന്നുതോന്നുന്നതും കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ ശിപാർശകളുടെ സ്വഭാവത്തിൽ പ്രധാന വ്യത്യാസങ്ങരം വരുത്താത്തതുമായ രൂപഭേദങ്ങരം. വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായോ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(2) (1) -ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രഗവൺമെൻറിന് യുക്തമെന്നുതോന്നുന്നുവെങ്കിൽ—

(ക) ശിപാർശകളിൽ, അതിന് യുക്തമെന്നുതോന്നുന്നതും (1) -ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ള രൂപഭേദങ്ങരം അല്ലാത്തതുമായ രൂപഭേദങ്ങരം വരുത്താവുന്നതോ ;

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദങ്ങരം വരുത്തുന്നതിനു മുൻപ്, കേന്ദ്രഗവൺമെൻറ് അതു ബാധിക്കാൻ ഇടയുള്ള എല്ലാ ആളുകരംക്കും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നോട്ടീസ് കൊടുപ്പിക്കുകയും, അവർ ഇതിലേയ്ക്ക് ലിഖിതമായി നല്കുന്ന ഏതെങ്കിലും നിവേദനങ്ങരം കണക്കിലെടുക്കുകയും ചെയ്യേണ്ടതാണ്—;

അല്ലെങ്കിൽ

(ഖ) ശിപാർശകളോ, അവയുടെ ഏതെങ്കിലും ഭാഗമോ, ബോർഡിലേയ്ക്കു റഫർ ചെയ്യാവുന്നതോ,—ആ സംഗതിയിൽ, അതിൻെറ കൂടുതൽ ശിപാർശകരം കേന്ദ്രഗവൺമെൻറ് പരിഗണിക്കുകയും ആ ശിപാർശകരം പ്രകാരമോ അല്ലെങ്കിൽ യുക്തമെന്നു തോന്നുന്നതും (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ളതുമായ രൂപഭേദങ്ങളോടുകൂടിയോ ഉത്തരവുകരം പുറപ്പെടുവിക്കേണ്ടതാണ്—

ആകുന്നു.

(3) ഈ ഉപവകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, ആ ഉത്തരവു സംബന്ധിച്ച ബോർഡിൻെറ ശിപാർശകളോടുകൂടി ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ആ ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതിയോ, ആ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തീയതിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ പിൻകാലപ്രാബല്യത്തോടുകൂടിയോ, ആയാലും പ്രവർത്തനത്തിൽ വരുന്നതാകുന്നു.

13. തൊഴിലാളി പത്രപ്രവർത്തകർക്ക് ഉത്തരവിൽ വിനിർദ്ദേശിക്കുന്നവയിലും കുറയാത്ത നിരക്കുകളിൽ കൂലിക്ക് അവകാശമുണ്ടെന്ന്.—12-ാം വകുപ്പിൻകീഴിൽ കേന്ദ്ര ഗവൺമെൻറിൻെറ ഒരു ഉത്തരവ് പ്രവർത്തനത്തിൽ വരുന്നതോടെ, ഏതൊരു തൊഴിലാളി പത്രപ്രവർത്തകനും തൻെറ നിയോജകനിൽനിന്ന് യാതൊരു സംഗതിയിലും, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന കൂലി നിരക്കിലും കുറയാത്ത നിരക്കിൽ, കൂലി കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

13ക. ഇടക്കാലകൂലി നിരക്ക് നിജപ്പെടുത്താൻ ഗവൺമെൻറിനുളള അധികാരം.— (1) ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, തൊഴിലാളി പത്രപ്രവർത്തകനെ സംബന്ധിച്ച് ഇടക്കാലകൂലി നിരക്കുകൾ നിജപ്പെടുത്തുന്നത് ആവശ്യകമാണെന്ന് കേന്ദ്ര ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിനും, ബോർഡുമായി ആലോചിച്ചതിനുശേഷം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി അപ്രകാരം നിജപ്പെടുത്താവുന്നതാണ്.

(2) അപ്രകാരം നിജപ്പെടുത്തുന്ന ഏതെങ്കിലും ഇടക്കാലകൂലി നിരക്കുകൾ വർത്തമാനപ്പത്രസ്ഥാപനങ്ങളെ സംബന്ധിച്ച എല്ലാ നിയോജകരേയും ബന്ധിക്കുന്നതായിരിക്കുന്നതും, ഏതൊരു തൊഴിലാളി പത്രപ്രവർത്തകനും, യാതൊരു സംഗതിയിലും, (1)-ാം ഉപവകുപ്പിൻകീഴിൽ നിജപ്പെടുത്തുന്ന ഇടക്കാലകൂലി നിരക്കുകളിലും, കുറയാത്ത നിരക്കിൽ കൂലി കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) (1)-ം ഉപവകുപ്പിൻ കീഴിൽ നിജപ്പെടത്തുന്ന ഏതെങ്കിലും ഇടക്കാല കൂലിനിരക്കുകൾ, 12ാം വകപ്പിൻകീഴിലെ കേന്ദ്ര ഗവൺമെൻറിൻെറ ഉത്തരവ് പ്രവർത്തനത്തിൽ വരുന്നതു വരെ പ്രാബല്യത്തിൽ ഇരിക്കുന്നതാകുന്നു.

## അദ്ധ്യായം II ക

## പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്ര ജോലിക്കാർ

13ഖ. പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്രജോലിക്കാരുടെ കൂലിനിരക്കുകൾ നിജപ്പെടുത്തലോ പുതുക്കലോ.—(1) കേന്ദ്ര ഗവൺമെൻറിന് ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ—

(ക) പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്രജോലിക്കാരെ സംബന്ധിച്ച് കൂലി നിരക്കുകൾ നിജപ്പെടുത്തുകയും;

(ഖ) ഈ വകുപ്പിൻ കീഴിൽ നിജപ്പെടുത്തുന്ന കൂലിനിരക്കുകൾ അപ്പോഴപ്പോൾ യുക്തമെന്നു തോന്നുന്ന ഇടവേളകളിൽ പുതക്കുകയും;

ചെയ്യാവുന്നതാണ്

(2) കേന്ദ്രഗവൺമെൻറിന് പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്രജോലിക്കാരെ സംബന്ധിച്ച് കൂലി നിരക്കുകൾ റൈംവർക്കിനും പീസ് വർക്കിനും നിജപ്പെടുത്താവുന്നതാണ്.

13ഗ. പത്രപ്രവർത്തകരല്ലാത്ത വർത്തമാനപത്ര ജോലിക്കാരെ സംബന്ധിച്ച് കൂലി നിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യാൻ കൂലിബോർഡ്.—ഈ ആക്ററിൻ കീഴിൽ വർത്തമാന പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്രജോലിക്കാരെ സംബന്ധിച്ച് കൂലി നിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്ന ആവശ്യത്തിലേയ്ക്ക് കേന്ദ്ര ഗവൺമെൻറ് ആവശ്യമുളളതുപോലെയും ആവശ്യമുളളപ്പോഴും ഒരു കൂലി ബോർഡ് ഏർപ്പെടുത്തേണ്ടതും, അതു താഴെ പറയുന്നവർ അടങ്ങിയതായിരിക്കേണ്ടതുമാണ്—

(ക) വർത്തമാന പത്രസ്ഥാപനങ്ങൾ സംബന്ധിച്ച് നിയോജകരെ പ്രതിനിധാനം ചെയ്യുന്ന രണ്ടാളുകൾ;

(ഖ) പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്രജോലിക്കാരെ പ്രതിനിധാനം ചെയ്യുന്ന രണ്ടാളുകൾ;

(ഗ) സ്വതന്ത്രരായ മൂന്നു ആളുകൾ—അവരിലൊരാൾ ഹൈക്കോടതിയിലേയോ സുപ്രീം കോടതിയിലേയോ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ആൾ ആയിരിക്കേണ്ടതും, അദ്ദേഹത്തെ ആ ഗവൺമെൻറ് ബോർഡിൻെറ ചെയർമാനായി നിയമിക്കേണ്ടതും ആകുന്നു.

13ഘ. ചില വ്യവസ്ഥകളുടെ ബാധകത.—10 മുതൽ 13ക വരെയുള്ള വകുപ്പുകൾ 13ഗ വകുപ്പിൻ കീഴിൽ സംവിധാനം ചെയ്യപ്പെടുന്ന ബോർഡിനും, കേന്ദ്രഗവൺമെൻറിനും പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്രജോലിക്കാർക്കും, അവയേയും അവരേയും സംബന്ധിച്ചും താഴെപറയുന്ന രൂപഭേദങ്ങളോടെ ബാധകമായിരിക്കുന്നതാണ്:—

(ക) അതിൽ ബോർഡിനെക്കുറിച്ചും തൊഴിലാളി പത്രപ്രവർത്തകരെ കുറിച്ചുമുള്ള പരാമർശങ്ങൾക്ക്, അവ ഉള്ളയിടങ്ങളിലെല്ലാം യഥാക്രമം 13ഗ വകുപ്പിൻ കീഴിൽ സംവിധാനം ചെയ്യപ്പെടുന്ന ബോർഡിനെക്കുറിച്ചും പത്രപ്രവർത്തകരല്ലാത്ത വർത്തമാന പത്ര ജീവനക്കാരെക്കുറിച്ചും ഉള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാകുന്നു

(ഖ) 11-ാം വകുപ്പു (3)-ാം ഉപവകുപ്പിലെ 9 ാം വകപ്പിനെക്കുറിച്ചുള്ള പരാമർശത്തിന് 13ഗ വകുപ്പിനെക്കുറിച്ചുള്ള പരാമർശമായി **അർത്ഥം** കല്പിക്കേണ്ടതാകുന്നു.

(ഗ) 13-ാം വകുപ്പിലേയും 13ക വകുപ്പിലേയും 12-ാം വകുപ്പിനെക്കുറിച്ചുള്ള പരാമർശങ്ങൾക്ക്, 12-ാം വകുപ്പ് ഈ വകുപ്പോടുകൂടി ചേർത്തു വായിക്കുന്നതിനെക്കുറിച്ചുള്ള പരാമർശങ്ങളായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

## അദ്ധ്യായം III

## ചില ആക്ററുകൾ വർത്തമാനപ്പത്ര ജോലിക്കാർക്ക് ബാധകമാകുന്നത്

14. 1946-ലെ 20-ാം നമ്പർ ആക്ററ് വർത്തമാന പത്രസ്ഥാപനങ്ങൾക്ക് ബാധകമാകുമെന്ന്.—ഇരുപതോ അതിലധികമോ വർത്തമാനപ്പത്രജോലിക്കാരെ നിയോജിക്കുന്നതോ, അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ടുമാസങ്ങളിൽ ഏതെങ്കിലും ദിവസം നിയോജിച്ചിരുന്നതോ ആയ ഏതൊരു വർത്തമാന പത്രസ്ഥാപനത്തിനും വ്യാവസായിക നിയോജനം (സ്ഥിരം ഉത്തരവുകൾ) ആക്ററ്, 1946 (1946-ലെ 20) ലെ വ്യവസ്ഥകൾ, തൽസമയം പ്രാബല്യത്തിലുള്ള പ്രകാരം അങ്ങനെയുള്ള വർത്തമാന പത്രസ്ഥാപനം മുൻപറഞ്ഞ ആക്ററ് അതിൻെറ 1-ാം വകുപ്പു (3)-ാം ഉപവകുപ്പിൻ കീഴിലെ ഒരു വിജ്ഞാപനം വഴി ബാധകമാക്കയിട്ടുള്ള ഒരു വ്യാവസായിക സ്ഥാപനമായിരുന്നാലെന്നപോലേയും, വർത്തമാന പത്രജോലിക്കാരൻ ആ ആക്ററിൻെറ അർത്ഥത്തിൽ ഒരു തൊഴിലാളി ആയിരുന്നാലെന്നപോലെയും ബാധകമായിരിക്കുന്നതാണ്.

15. 1952-ലെ 19-ാം നമ്പർ ആക്ററ് വർത്തമാന പത്രസ്ഥാപനങ്ങൾക്ക് ബാധകമാകുമെന്ന്.—ഏതെങ്കിലും ദിവസം ഇരുപതോ അതിലധികമോ ആളുകളെ നിയോജിക്കുന്ന ഏതൊരു വർത്തമാന പത്രസ്ഥാപനത്തിനും, ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകൾ ആക്ററ്, 1952 (1952-ലെ 19) തൽസമയം പ്രാബല്യത്തിലുള്ള പ്രകാരം, അങ്ങനെയുള്ള വർത്തമാന പത്രസ്ഥാപനം, മുൻപറഞ്ഞ ആക്ററ് അതിൻെറ 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിലെ

ത്തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ൻ കീഴിലോ അല്ലെങ്കിൽ വ്യാവസായികത്തർക്കങ്ങളുടെ അന്വേഷണവും ഒത്തുതീർപ്പും സംബന്ധിച്ച് ആ സ്റ്റേററിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിൻ കീഴിലോ സ്റ്റേററ് ഗവൺമെൻറിനാൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും തൊഴിൽ കോടതിയിലേക്ക് റഫർ ചെയ്യാവുന്നതും, ആ തൊഴിൽകോടതി സംബന്ധിച്ച് മുൻപറഞ്ഞ ആക്റ്ററിനോ നിയമത്തിനോ, അപ്രകാരം റഫർ ചെയ്യപ്പെട്ട പ്രശ്നം ആ ആക്റ്ററിനോ നിയമത്തിനോ കീഴിൽ തൊഴിൽ കോടതിയിലേക്ക റഫർ ചെയ്തിട്ടുള്ള ഒരു വിഷയമായിരുന്നാലെന്നപോലെ, പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്.

(3) തൊഴിൽ കോടതി, അതിൻെറ തീരുമാനം, റഫർ ചെയ്ത സ്റ്റേററ് ഗവൺമെൻറിന് അയച്ചു കൊടുക്കേണ്ടതും, കൊടുക്കാനുള്ളതായി തൊഴിൽ കോടതി കാണുന്ന ഏതെങ്കിലും തുക (1)—ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ വസൂലാക്കാവുന്നതുമാണ്.

17ക. <u>രജിസ്റ്ററുകളും റിക്കാർഡുകളും മസ്ററർറോളുകളും വച്ചുപോരൽ.</u>—വർത്തമാനപ്പത്ര സ്ഥാപനം സംബന്ധിച്ച് ഏതൊരു നിയോജകനും, നിർണ്ണയിക്കപ്പെടുന്ന രജിസ്റ്ററുകളും റിക്കാർഡുകളും മസ്ററർറോളുകളും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വച്ചുപോരേണ്ടതാകുന്നു.

17ഖ. <u>ഇൻസ്പെക്റ്റർമാർ.</u>—സ്റ്റേററ് ഗവൺമെൻറിന് യുക്തമെന്നു തോന്നുന്ന ആളുകളെ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്റ്ററിൻെറ ആവശ്യങ്ങൾക്ക് ഇൻസ്പെക്റ്റർമാരായി നിയമിക്കാവുന്നതും, ഏതു തദ്ദേശാതിർത്തിക്കുള്ളിലാണോ അവർ തങ്ങളുടെ ചുമതലകൾ നിർവഹിക്കേണ്ടത്, ആ തദ്ദേശാതിർത്തികൾ നിർവചിക്കാവുന്നതും ആണ്.

(2) (1)—ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും ഇൻസ്പെക്റ്റർക്ക് ഈ ആക്റ്ററിലേയോ, അല്ലെങ്കിൽ തൊഴിലാളി പത്രപ്രവർത്തകർ (കൂലി നിരക്കുകൾ നിജപ്പെടുത്തൽ) ആക്റ്റ്, 1958 (1958—ലെ 29) ലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഒരു വർത്തമാനപ്പത്രസ്ഥാപനം സംബന്ധിച്ച് അനുസരിക്കപ്പെട്ടിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിന് വേണ്ടി—

(ക) ആവശ്യകമാണെന്ന് താൻ കരുതുന്ന വിവരം നൽകാൻ നിയോജകനോട് ആവശ്യപ്പെടുകയും;

(ഖ) ന്യായമായ ഏതു സമയത്തും, ഏതെങ്കിലും വർത്തമാനപത്രസ്ഥാപനത്തിലോ അതുമായി ബന്ധപെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ, പ്രവേശിക്കുകയും അതിൻെറ ചാർജ്ജുള്ളതായി കാണപ്പെടുന്ന ഏതെങ്കിലും ആളോട്, ആ സ്ഥാപനത്തിൽ ആളുകളെ നിയോജിക്കുന്നതോ കൂലികൊടുക്കുന്നതോ സംബന്ധിച്ചുള്ള ഏതെങ്കിലും കണക്കുകളും, ബുക്കുകളും രജിസ്ററുകളും മററുരേഖകളും പരിശോധനയ്ക്കായി തൻെറ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും;

(ഗ) മുൻപറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്ക് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച് നിയോജകനേയോ, അയാളുടെ ഏജൻറിനേയോ ഭൃത്യനേയോ, അല്ലെങ്കിൽ വർത്തമാനപ്പത്രസ്ഥാപനത്തിൻെറയോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കെട്ടിട പരിസരങ്ങളുടേയോ, ചാർജ്ജുള്ളതായി കാണപ്പെടുന്ന മറേറതെങ്കിലും ആളേയോ, അല്ലെങ്കിൽ ഇൻസ്പെക്റ്റർക്ക് ആ സ്ഥാപനത്തിലെ ജോലിക്കാരനോ ജോലിക്കാരനായിരുന്നിട്ടുള്ളവനോ ആണെന്നു വിശ്വസിക്കാൻ ന്യായമായ കാരണമുള്ള ഏതെങ്കിലും ആളെയോ വിസ്തരിക്കുകയും;

(ഘ) ആ വർത്തമാനപ്പത്രസ്ഥാപനം സംബന്ധിച്ച് വച്ചുപോരുന്ന ഏതെങ്കിലും ബുക്കിൻേറയോ, രജിസ്ററിൻേറയോ മററുരേഖകളുടേയോ പകർപ്പുകൾ ഉണ്ടാക്കുകയോ അവയിൽ നിന്ന് എക്സ്ട്രാക്ററുകൾ എടുക്കുകയോ ചെയ്യുകയും ;

(ങ) നിർണ്ണയിക്കപ്പെടുന്ന മററു അധികാരങ്ങൾ പ്രയോഗിക്കുകയും, ചെയ്യാവുന്നതാണ്.

(3) ഏതൊരു ഇൻസ്പെക്ററും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യുടെ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

(4) ഏതാളോടാണോ, ഇൻസ്പെക്ററർ, (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും രേഖയോ സാധനമോ ഹാജരാക്കാനോ വിവരം നല്കാനോ ആവശ്യപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആൾ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

18. ദണ്ഡനം.—(1) ഏതെങ്കിലും നിയോജകൻ, ഈ ആക്ററിലേയോ, അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുന്നുവെങ്കിൽ, അയാൾ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ക) ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, അതേ വ്യവസ്ഥയുടെ ഉല്ലംഘനം ഉൾക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്ന ഏതൊരാളും അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ഖ) ഒരു കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്ക് പുറമേ, കുററം ചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും, കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും, അതോടു കൂടെ കമ്പനിയും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ആളെ, കുററംചെയ്യപ്പെടുന്നത് തൻെറ അറിവു കൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ യഥാർഹമായ എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്കു അർഹനാക്കുന്നതല്ല.

(1ഗ) (1ഖ) ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻകീഴിലെ ഒരു കുററം, ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജരുടെയോ, സെക്രട്ടറിയുടേയോ, മററു ഉദ്യോഗസ്ഥൻെറയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും കടുത്ത ഉപേക്ഷ മൂലമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ, സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോകൂടി ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്.

(1ഘ) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) ''കമ്പനി''യ്ക്ക്, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും;

(ഖ) ''ഡയറക്ററർ'' ക്ക്, ഒരു ഫേം സംബന്ധിച്ച്, അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

(2) ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം പ്രസിഡൻസി മജിസ്ട്രേററിന്റേയോ ഒന്നാം ക്ലാസ് മജിസ്ട്രേററിന്റെയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും വിചാരണചെയ്യാൻ പാടുള്ളതല്ല.

(3) യാതൊരു കോടതിയും ഈ വകുപ്പിൻ കീഴിലെ ഒരു കുററം, അതു സംബന്ധിച്ച പരാതി ആ കുററം ചെയ്തതായി പറയപ്പെടുന്ന തീയതിയുടെ ആറുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം, നടപടിയെടുക്കാൻ പാടുള്ളതല്ല.

19. സംരക്ഷണം.—ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, ബോർഡിന്റെ ചെയർമാനോ, മറേറതെങ്കിലും അംഗത്തിനോ, ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ററർക്കോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ പ്രാസക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

19ക. നിയമനങ്ങളിലെ ന്യൂനതകൾ കൃത്യങ്ങളെ അസാധുവാക്കുന്നതല്ലെന്ന്.— ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ സംവിധാനത്തിൽ ഏതെങ്കിലും ന്യൂനതയോ ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം ബോർഡിന്റെ യാതൊരു കൃത്യവും അല്ലെങ്കിൽ നടപടിയും, ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

19ഖ. ഒഴിവാക്കൽ.—ഈ ആക്ററിലേയോ, തൊഴിലാളി പത്രപ്രവർത്തകർ (കൂലിനിരക്കുകൾ നിജപ്പെടുത്തൽ) ആക്ററ്, 1958 (1958-ലെ 29) ലേയോ യാതൊന്നും, മൗലിക അനുപൂരകചട്ടങ്ങളോ, സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളോ, സിവിൽസർവ്വീസ് (തത്ക്കാലസർവ്വീസ്) ചട്ടങ്ങളോ പുതുക്കിയ അവധിചട്ടങ്ങളോ, സിവിൽ സർവ്വീസ് റഗുലേഷനുകളോ, രാജ്യരക്ഷാ സർവ്വീസുകളിലെ സിവിലിയൻമാർ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളോ, ഇൻഡ്യൻ റെയിൽവേ സ്ഥാപന നിയമസംഹിതയോ അല്ലെങ്കിൽ ഇതിലേക്കായി കേന്ദ്രഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനം ചെയ്യുന്ന മറേറതെങ്കിലും ചട്ടങ്ങളോ റഗുലേഷനുകളോ ബാധകമാകുന്ന ഗവൺമെൻറ് ജോലിക്കാരനായ ഏതെങ്കിലും വർത്തമാനപത്ര ജോലിക്കാരന് ബാധകമായിരിക്കുന്നതല്ല.

20. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപറയുന്ന എല്ലാവിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്,—

(ക) തൊഴിലാളി പത്രപ്രവർത്തകർക്ക് ഗ്രാററുവിററി കൊടുക്കൽ;

(ഖ) തൊഴിലാളി പത്രപ്രവർത്തകരുടെ പ്രവൃത്തി മണിക്കൂറുകൾ;

(ഗ) തൊഴിലാളി പത്രപ്രവർത്തകർക്ക് അനുവദിക്കാവുന്ന ഒഴിവുദിവസങ്ങൾ, ആർജ്ജിതാവധി, മെഡിക്കൽ സർട്ടിഫിക്കററിൻമേലുള്ള അവധി, കാഷ്വൽ അവധി അല്ലെങ്കിൽ മററേതെങ്കിലും തരം അവധി;

(ഘ) ബോർഡ് ഈ ആക്ററിൻകീഴിലെ അതിൻെറ ചുമതലകൾ, നിർവ്വഹിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം;

(ങ) നാമനിർദ്ദേശങ്ങളുടെ ഫാറവും, നാമനിർദ്ദേശങ്ങൾ ചെയ്യുന്ന രീതിയും;

(ച) 5ക വകുപ്പ് (3)-ാം ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക് ഏതെങ്കിലും ആളെ നിയമിക്കുന്ന രീതി;

(ഛ) നാമനിർദ്ദേശം വ്യത്യാസപ്പെടുത്തലോ റദ്ദാക്കലോ;

(ജ) 12 ാം വകുപ്പ് (2)—ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിൻകീഴിൽ നോട്ടീസ് നല്കുന്ന രീതി;

(ഝ) വർത്തമാനപ്പത്രസ്ഥാപനങ്ങൾ തയ്യാറാക്കുകയും വച്ചുപോരുകയും ചെയ്യേണ്ട രജിസ്ററർകളും, റിക്കാർഡുകളും മസ്ററർറോളുകളും അവർ തയ്യാറാക്കുകയും വച്ചു പോരുകയും ചെയ്യേണ്ട ഫാറങ്ങളും അവയിൽ ചേർക്കേണ്ട വിവരങ്ങളും;

(ഞ) ഒരു ഇൻസ്പെക്ടർക്ക് പ്രയോഗിക്കാവുന്ന അധികാരങ്ങൾ;

(ട) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററേതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമുണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവ ശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്ത വിധത്തിലായിരിക്കുന്നതാണ്.

21. [(1965-ലെ 1-ാം ആക്ററിൻെറ റദ്ദാക്കൽ) റദ്ദാക്കലും ഭേദപ്പെടുത്തലും ആക്ററ്, 1960 (1960-ലെ 58) 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.]

———